30-12-2000-ലാണ്. 31-3-04-ൽ അതിന്റെ കാലാവധി തീരുകയാണ്. ഇനിയും ഈ ലിസ്റ്റിൽ ഏതാണ്ട് 2400 പേർ കൂടി അവശേഷിക്കുന്നുണ്ട്. കെ. എ. പി. 4/5 കോട്ടയം, ഇടുക്കി തുടങ്ങിയ ബറ്റാലിയനുകളിൽ എടുത്തതുതന്നെ ആനുപാതിക മായിട്ടല്ല. വളരെ കുറച്ച് ആളുകളെ മാത്രമേ ഇതിനകത്തുനിന്ന് എടുത്തിട്ടുള്ളൂ. ഈ ലിസ്റ്റിലുള്ള ആളുകളെ പൂർണ്ണമായി നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. പോലീസ് സേനയുടെ അംഗസംഖ്യയുടെ 10 ശതമാനം വനിതാ കോൺസ്റ്റബിൾമാരെ നിയമിക്കുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പ്രത്യേകം താല്പര്യമെടുത്ത് ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതു പരിഗണിച്ച് റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ ആളുകളേയും അടിയന്തിരമായി നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കണം. മറ്റ് റാങ്ക്ലിസ്റ്റുകളിൽ നിന്നും വ്യത്യസ്തമായിട്ട് കായികക്ഷമതാ പരീക്ഷകൂടി കഴിഞ്ഞ് കടന്നു വന്നവരാണ് ഈ റാങ്ക് ലിസ്റ്റിലുള്ളവർ. ഇപ്പോൾ പി. എസ്. സി. പുതിയ ലിസ്റ്റിനുവേണ്ടിയുള്ള നോട്ടിഫിക്കേഷൻ നടത്തിയിരിക്കുകയാണ്. നിലവിലുള്ള ലിസ്റ്റിലെ ആളുകൾ ഈ പുതിയ നോട്ടിഫിക്കേഷൻ വന്നതിന്റെ അടിസ്ഥാനത്തിൽ ആശങ്കയിലാണ്. അതുകൊണ്ട് അവരുടെ ആശങ്ക ദൂരീകരിക്കുകയും മനുഷ്യത്വപരമായ സമീപനം അവരുടെ പേരിൽ സ്വീകരിക്കുകയും ചെയ്ത് ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്കും നിയമനം നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയോടു അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, വനിതാ പോലീസിന്റെ അംഗസംഖ്യ ജില്ലാ പോലീസിന്റെ അംഗസംഖ്യയുടെ 10 ശതമാനമായി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2003 വർഷത്തിൽ മാത്രം 1173 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ആ ഒഴിവുകളിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. മാത്രമല്ല ഇനിയും വനിതാ പോലീസിന്റെ എണ്ണം കൂട്ടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുമുണ്ട്.

(6) കാസർഗോഡ് ജില്ലാ ആശുപത്രിയിലെ പ്രശ്നങ്ങൾ

ശ്രീ. എം. കുമാരൻ: സർ, കാഞ്ഞങ്ങാട് സ്ഥിതി ചെയ്യുന്ന കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് ആവശ്യമായ പോസ്റ്റ്ക്രിയേഷൻ നടത്തണമെന്നും പുതിയ കെട്ടിടത്തിലേക്ക് ജില്ലാ ആശുപത്രി മാറ്റുന്ന സമയത്ത് ഇന്നു നിലവിലുള്ള കെട്ടിടം കുട്ടികളുടെയും സ്ത്രീകളുടെയും ആശുപത്രിയായി നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, കാഞ്ഞങ്ങാട് സ്ഥിതിചെയ്യുന്ന ജില്ലാ ആശുപത്രിയിൽ ഇപ്പോൾ 189 കിടക്കകളും 19 ഡോക്ടർമാരുമുണ്ട്. 224 കിടക്കകളുടെ സൗകര്യമുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയായി വരികയാണ്. മെറ്റേണിറ്റി വാർഡ്, ഓപ്പറേഷൻ തിയേറ്റർ, പ്രസവമുറി എന്നിവ അടങ്ങിയതാണ് ഇപ്പോൾ പുതിയതായി നിർമ്മിക്കുന്ന കെട്ടിടം. 4 ഡോക്ടർമാർ അടക്കം 61 കാറ്റഗറികളിലായി 229 പുതിയ തസ്തികകൾ ഇതിനായി സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനുവേണ്ടിയുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. പഴയ കെട്ടിടത്തിൽ നിന്നും പുതിയ കെട്ടിടത്തിലേയ്ക്ക് ആശുപത്രി മാറുന്ന മുറയ്ക്ക് ഇവിടെ ഒരു നഴ്സിംഗ് സ്കൂൾ നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തെക്കുറിച്ച് വിശദമായ ചർച്ച നടത്തുന്നതിനും ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്.

(7) കേന്ദ്ര ബഡ്ജറ്റിൽ കേരളത്തെ അവഗണിച്ചത് സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അടിയന്തിര പ്രമേയത്തിന് നോട്ടീസ് കൊടുത്തിരുന്നതാണ്. ഇത് വളരെ ഗൗരവതരമായ ഒരു കാര്യമാണ്. ഇന്നലെ ലോക്സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ നമ്മുടെ സംസ്ഥാനത്തെ പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. ഇങ്ങനെയുള്ള ഒരു സംസ്ഥാനം ഇന്ത്യാ രാജ്യത്ത് ഉണ്ടെന്നുപോലും പരിഗണിക്കാതെയാണ് കേന്ദ്ര ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ മുഴുവൻ വന്നിട്ടുള്ളത്. അഖിലേന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് മാതൃകയിൽ ആറ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ അനുവദിച്ചപ്പോൾ കേരളത്തിൽ ഒന്നുപോലുമുണ്ടായില്ല. ഇൻഡ്യയിലെ ആറ് മെഡിക്കൽ കോളേജുകളെ എ. ഐ. ഐ. എം. എസ് പദവിയിലേയ്ക്ക് ഉയർത്തിയപ്പോൾ കേരളത്തിലെ ഒറ്റ മെഡിക്കൽ കോളേജിനെയും ഉൾപ്പെടുത്തിയില്ല. എഫ്.എ.സി.റ്റി.-ക്ക് കഴിഞ്ഞ കൊല്ലം 22 കോടി രൂപ കൊടുത്ത സ്ഥാനത്ത് ഇത്തവണ 10 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലുള്ള തോട്ടം, ബീഡി, കൈത്തറി, കയർ, കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലയ്ക്കു വേണ്ടി ഒരു നയാപൈസ പോലും കേന്ദ്രം തരാൻ തയ്യാറായില്ല. കേരളത്തിന്റെ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ അവതരിപ്പിക്കുന്നതിലുണ്ടായ സംസ്ഥാന ഗവൺമെന്റിന്റെ പരാജയമാണ് ഇത്തരമൊരു സ്ഥിതിയിലേയ്ക്ക് എത്തിച്ചേർന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ അമ്പാസിഡറായി മുഖ്യമന്ത്രി വിശേഷിപ്പിച്ച കേന്ദ്ര മന്ത്രി ശ്രീ. ഒ. രാജഗോപാലൻ ചോദിച്ചത് "കേരളത്തിന് ഇത് കൊടുത്തിട്ടെന്താണ് പ്രയോജനം" എന്നാണ്. കേരളത്തെ രാഷ്ട്രീയ പകപോക്കലിന് വിധേയമാക്കുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തിരിക്കുന്നത്. നമ്മൾ ഒരു മനുഷ്യനെപ്പോലെ ഉയർന്നെഴുന്നേറ്റ് കേരളത്തിന്റെ വികാരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണം. ഈ സഭയുടെ വികാരമറിയിക്കണം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാണോയെന്ന് വ്യക്തമാക്കണം.

LIBRARY ARCHIVES Kerala Legislative Assembly